# ജി എഫ് വി എച്ച് എസ് ചെറുവത്തൂർ.

ഡിജിറ്റൽ മാഗസിൻ-2024



# ജി എഫ് വി എച്ച് എസ്
# ചെറുവത്തൂർ,കാടങ്കോട്




## വിദ്യാലയ ചരിത്രം- കാടങ്കോടിന്റെ മണ്ണിൽ

കാടങ്കോട്പ്രദേശത്തെ പാവപ്പെട്ട മുകയ സമുദായത്തിലെ മത്സ്യത്തൊഴിലാളികൾക്കും തീരദേശ ജനതയ്ക്കും പരിസരപ്രദേശത്തെ ജനങ്ങൾക്കും അറിവിൻറെ ആദ്യാക്ഷരം പകർന്നു നൽകിയ നമ്മെ നാമാക്കി മാറ്റിയ ലോകം കാണാൻ അകക്കണ്ണ് നൽകിയ ഇന്നത്തെ ചെറുവത്തൂർ ഗവൺമെൻറ് ഫിഷറീസ് ഹയർസെക്കൻഡറി സ്കൂളിന്റെ പൂർവകാല ചരിത്രത്തിലേക്ക് ഒരൊറ്റിനോട്ടം നടത്തുകയാണ്

ആദ്യകാലത്ത് ദക്ഷിണ കർണാടക ജില്ലയുടെ ഭാഗമായിരുന്നു നമ്മുടെ ഈ പ്രദേശം. കാടങ്കോട് പ്രദേശത്തും എഴുത്ത് പള്ളിക്കൂടം ഉണ്ടായിരുന്നു .1928 കാലഘട്ടത്തിലാണ് പാവപ്പെട്ട തീരദേശ മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്ന പ്രദേശം എന്ന നിലയിൽ ഗവൺമെൻറ് ഫിഷറീസ് എൽപി .സ്കൂൾ അനുവദിച്ചത്. പഴയ തലമുറയിൽപ്പെട്ട എല്ലാ വിഭാഗം ജനങ്ങളും ഈ വിദ്യാലയത്തിന്റെ സന്തതികളാണ്.

1948 ജി.എഫ്.എൽ.പി.എസ് അപ്ഗ്രേഡ് ചെയ്ത് ജി.എഫ്.യു.പി സ്കൂളായി ഉയർത്തി. അന്ന് യു.പി. സ്കൂൾ വിദ്യാഭ്യാസം 8ാം തരം വരെയായിരുന്നു. 8 തരം പാസായാൽ

| | |
|---|---|
| റവന്യൂ ജില്ല | കാസർഗോഡ് |
| വിദ്യാഭ്യാസ ജില്ല | കാഞ്ഞങ്ങാട് |
| ഉപജില്ല | ചെറുവത്തൂർ |
| പ്രധാന അധ്യാപിക | ഹേമലത കെ |
| പി.ടി.എ.പ്രസിഡണ്ട് | ഷാജി ഇ വി |

ഇ.എസ്.എൽ.സി പാസായി എന്നു പറയാം യു പി സ്കൂൾ ആയതിനുശേഷം സ്ഥലം ഉടമകൾ കെട്ടിടം നിർമ്മിച്ച് 92 രൂപ മാസ വാടക നിശ്ചയിച്ച ഫിഷറീസ് ഡിപ്പാർട്ട്മെൻറ് അതിൻ്റെ വാടക നൽകിയിരുന്നു. വർഷംതോറും അറ്റകുറ്റപ്പണികൾ സ്ഥലം ഉടമകൾ നടത്തണം

പാഠ്യ വിഷയങ്ങളിൽ അന്ന് ഫിഷറീസ് സയൻസ് നിർബന്ധമായിരുന്നു .വീശുവല, കുറ്റിവല , റബ്ബണിവല , ചീനവല , ഒഴുക്കു വല എന്നിവയെ പറ്റിയും നൂൽ കൊണ്ട് വല കെട്ടുവാനും ചെറുതും വലുതുമായ വിവിധയിനം മത്സ്യങ്ങളെക്കുറിച്ചും വളരെ രസകരമായി പഠിപ്പിച്ചിരുന്നു. മത്സ്യങ്ങളുടെയും ചിത്രം വരക്കാൻ പ്രത്യേകം ഡ്രോയിങ് പുസ്തകം നിഷ്കർഷിച്ചിരുന്നു.

ചെറുവത്തൂരിന്റെ പടിഞ്ഞാറൻ മേഖലയിൽ സ്ഥിതിചെയ്യുന്ന നിലവാരമുള്ള യു പി സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന തീരദേശ പ്രദേശ മെന്ന പരിഗണനയിലും മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്ന പ്രദേശം എന്ന നിലയിലും യു പി സ്കൂൾ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂൾ ആക്കാൻ ശ്രമിച്ച പല മഹത് വ്യക്തികളുണ്ട്.അതിൽ പ്രമുഖൻ നമ്മുടെ പ്രദേശത്തോട് എക്കാലവും മമത പുലർത്തിയിരുന്ന പൊതുപ്രവർത്തകനും രാഷ്ട്രീയ നേതാവുമായിരുന്ന ബഹുമാന്യനായ ശ്രീ കെ. വി. കുഞ്ഞമ്പു ആയിരുന്നു .1962 ബഹു: ആർ.ശങ്കർ ഉപമുഖ്യമന്ത്രിയായിരുന്ന കാലത്താണ് യു പി സ്കൂൾ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂൾ അനുവദിച്ചത്.

ഹൈസ്കൂളിന് ആവശ്യമായ സ്ഥല ലഭ്യത ഒരു പ്രശ്നമായപ്പോൾ സ്ഥലം ലഭിച്ചില്ലെങ്കിൽ ഹൈസ്കൂൾ നഷ്ടപ്പെടും എന്ന ഘട്ടത്തിൽ പാവപ്പെട്ട മത്സ്യത്തൊഴിലാളികളായ കൊക്കോട്ട് കോരൻ, കൊക്കോട്ട് ചന്തൻ കാരണവർ  മുത്തൽ കേളൻ വെളിച്ചപ്പാടൻ ,വെങ്ങാട്ട് അമ്പാടി ,കൊക്കോട്ട് കുഞ്ഞിക്കമ്പ എന്നിവർ മുന്നോട്ടുവന്നു. 1 ഏക്കർ 2 സെൻറ് സ്ഥലം അവർ സൗജന്യമായി വിദ്യാലയത്തിന് നൽകി. ഈ മഹാത്യാഗം വിദ്യാലയത്തിന്റെ ചരിത്രവുമായി എന്നും ഓർമ്മിക്കപ്പെടും. ഈ സന്ദർഭത്തിൽ അളവറ്റ നന്ദിയോടെ സ്മരിക്കേണ്ട വ്യക്തികളാണ് വളരെക്കാലം ചെറുവത്തൂർ വില്ലേജ് ഓഫീസറായിരുന്ന ബഹു. കുഞ്ഞബ്ദുള്ള പട്ടേലർ അദ്ദേഹമാണ് ഈ കാണുന്ന നാലേക്കറിലധികം വരുന്ന സർക്കാർ പുറമ്പോക്ക് ഭൂമി സ്കൂൾ ഗ്രൗണ്ടിന് വേണ്ടി നീക്കിവെച്ചത്. അത് പിന്നീട് സ്കൂളിന് നിയന്ത്രണ അവകാശമുള്ള സ്വത്തായി മാറുകയായിരുന്നു.

ഇന്ന് പഠിക്കുന്ന പല വിദ്യാലയങ്ങളും അന്നുണ്ടായിരിന്നില്ല. പിലിക്കോട്, പടന്ന മാവിലാക്കടപ്പുറം, കുട്ടമത്ത്,ചെറുവത്തൂർ തൈക്കടപ്പുറം പടന്നക്കടപ്പുറം എന്നിവിടങ്ങളിലെ കുട്ടികൾ കാടങ്കോട് സ്ഥിതിചെയ്യുന്ന ഫിഷറീസ് ഹൈസ്കൂളിൽ ആണ് പഠനം നടത്തിയിരുന്നത് മടക്കര പാലം മാവിലാ കടപ്പുറം പാലം എന്നിവ അന്നുണ്ടായിരുന്നില്ല അവിടെ നിന്നും തൈക്കടപ്പുറത്ത് നിന്നും കുട്ടികൾ തോണിയിൽ കടവ് കടന്ന് വളരെ ത്യാഗം സഹിച്ചാണ് സ്കൂളിൽ എത്തിയിരുന്നത് ഇവിടെ നിന്ന് പഠിച്ച ധാരാളം വിദ്യാർത്ഥികൾ നമ്മുടെ നാടിൻ്റെ  നാനാഭാഗത്തും ഡോക്ടർമാരായും വക്കീലന്മാരായും എൻജിനീയർമാരായും അധ്യാപകരായും മറ്റു മേഖലകളിലും സേവനം നടത്തിവരുന്നു. ഗൾഫ് നാടുകളിലും മറ്റും ഉയർന്ന സ്ഥാനങ്ങൾ വഹിക്കുന്ന പ്രവാസികളുമുണ്ട്. ധാരാളം രാഷ്ട്രീയ നേതാക്കളുമുണ്ട് .

1964 കാലഘട്ടത്തിൽ സർക്കാർ നെല്ലിക്ക ക്ഷേത്രത്തിൻ്റെ സമാന്തരമായി  നീളത്തിൽ ക്വസ്റ്റ്യൻ പേപ്പർ സൂക്ഷിക്കാൻ ആവശ്യമായ സ്ട്രോങ്ങ് റൂം ഉൾപ്പെടെ ഓട് മേഞ്ഞ ഒരു കെട്ടിടം നിർമ്മിച്ചു. അതിനുമുമ്പ് സ്ട്രോങ്ങ് റൂം ഇല്ലാത്ത കാരണത്താൽ നീലേശ്വരം രാജാസ് ഹൈസ്കൂൾ സെൻററിലാണ് കുട്ടികൾ പരീക്ഷ എഴുതിയിരുന്നത്. കുട്ടികളുടെ എണ്ണം വർധിച്ചപ്പോൾ സ്ഥലസൗകര്യം കുറവായതിനാൽ ജയ്ഹിന്ദ് വായനശാലയോട് ചേർന്ന് അന്നത്തെ വായനശാല കമ്മിറ്റി മൂന്നു ക്ലാസുകൾ നടത്താൻ പറ്റിയ ഓടുമേഞ്ഞ ഷെഡ് സൗജന്യമായി നിർമ്മിച്ചു നൽകിയിരുന്നു. പിന്നീട് 1991 92 കാലഘട്ടത്തിൽ ശ്രീ നെല്ലിക്കാതുരുത്തി കഴകംഓഡിറ്റോറിയത്തിൽ പാർട്ടി പരിപാടിക്ക് വന്ന ധനകാര്യ മന്ത്രിയെ കണ്ടു സ്കൂളിലേക്ക് ക്ഷണിച്ചുവരുത്തി സ്കൂൾ അസംബ്ലിയിൽ വെച്ച് ഉചിതമായ സ്വീകരണം നൽകി കുട്ടികളുടെ വർദ്ധിച്ച എണ്ണവും ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും പി ടി.എ കമ്മിറ്റി അദ്ദേഹത്തെ ബോധ്യപ്പെടുത്തി. എഴുതി തയ്യാറാക്കിയ മെമ്മോറാണ്ടം പി ടി എ പ്രസിഡണ്ട് അദ്ദേഹത്തിന് നൽകി.വായിച്ചനോക്കിയ ഉടനെ തന്നെ പുതിയ കെട്ടിടത്തിന്റെ കാര്യത്തിൽ ഉറപ്പു നൽകുകയും തിരുവനന്തപുരത്ത് വന്ന് കാണണം എന്ന് പറയുകയും ചെയ്തു.. തുടർന്ന് ധനകാര്യ മന്ത്രിയെന്ന നിലയിൽ മുപ്പത്തിയാറുലക്ഷം രൂപ അനുവദിച്ചു.

ഫണ്ട് അനുവദിച്ച ഉടനെത്തന്നെ മന്ത്രി ഹോസ്ദുർഗ്ഗ് എം.എൽ എ യായിരുന്ന എം. നാരായണനെ വിളിച്ച് വിവരം ധരിപ്പിച്ചിരുന്നു.

ഇന്ന് കാണുന്ന ഈ ഇരു നില കെട്ടിടം നിർമ്മിക്കാൻ വേണ്ട നടപടികൾ പൂർത്തിയാക്കി. 1994 ൽ അന്നത്തെ മുഖ്യമന്ത്രി ഇ.കെ. നായനാരാണ് കെട്ടിട ഉദ്ഘാടന കർമ്മം നിർവഹിച്ചത്.

# സ്ക്കൂൾ അസംബ്ലി









# കാലാവസ്ഥ വ്യതിയാനം

പണ്ടുകാലം മുതൽ സന്തുലിതമായ കാലാവസ്ഥ സംവിധാനം പ്രകൃതിയായി തന്നെ ഒരുക്കി തന്നിരുന്നു. കൃഷിക്കായി ഒരു കാലാവസ്ഥ, പൂക്കൾക്കായി ഒന്ന്, ഫല വർഗ്ഗങ്ങൾക്കും കായ്കറികൾക്കായും മറ്റൊന്ന്, ഇങ്ങനെ മനുഷ്യന് ഈ മണ്ണിൽ ജീവിക്കാൻ ആവശ്യ മായ് എല്ലാം ഉണ്ടാക്കാൻ പറ്റിയ ഒരു കാലവസ്ഥയാണ് പ്രകൃതി നമ്മുക്കായി ഒരുക്കിയത്. മഴയും കാറ്റും വേനലും മഞ്ഞും എല്ലാം മുൻപ് മനുഷ്യന് പ്രവചിക്കാൻ പറ്റിയിരുന്നു.

എന്നാൽ ഇന്ന് ഒരു ഋതുക്കളും നമ്മുടെ പ്രവചനത്തിന് അതീതമല്ല. അനവസരത്തിലുള്ള വ്യതിയാനം നമ്മുടെ കൃഷിയേയും സാരമായി ബാധിക്കുന്നു. മഴയും ചൂടുമെല്ലാം വേണ്ടപ്പോൾ വേണ്ടവിധത്തിൽ കിട്ടാതെയും അല്ലാത്ത സമയം കഠിനമായി ലഭിക്കുകളും ചെയ്യുന്നു. ദൈനംദിന കാര്യങ്ങൾക്കുള്ള ആഹാരത്തിനുപോലും മറ്റുള്ള രാജ്യങ്ങളെ ആശ്രയിക്കേണ്ടതായി വരുന്നു. ശുദ്ധവായുവും തണലും തന്നിരുന്ന മൃഗസമ്പത്തും കായ് കനികളും നിറഞ്ഞ വനങ്ങൾ നമ്മൾ വെട്ടി നശിപിച്ചുകൊണ്ടിരിക്കുന്നു. മലകളും പുഴകളും വനങ്ങളും ചേർന്ന സുന്ദരമായ ഒരു ആവാസവ്യവസ്ഥ നമുക്ക് ഉണ്ടായിരുന്നു. മേഘങ്ങളെ തടഞ്ഞുനിർത്തി മഴ പെയ്യിക്കാൻ ഇന്ന് മലനിരകളില്ല . സ്വാർത്ഥ താൽപര്യങ്ങൾക്ക് വേണ്ടി മലനിരകൾ ഇടിച്ച് നിരത്തുന്നു.

ദൈവത്തിൻ്റെ സ്വന്തം നാടെന്നു അഹങ്കരിക്കുന്ന നമ്മുടെ ഈ കൊച്ചുകേരളത്തിൽപോലും കൊടുങ്കാറ്റും ഉരുൾ പൊട്ടലും തുടർകഥകളാകുന്നു. പ്രകൃതിയെ ഇനിയെങ്കിലും സംരക്ഷിച്ചില്ലെങ്കിൽ ഈ ഭൂമിയിൽ ജീവൻ അവസാനികണ കാലം വിദൂരം അല്ല.

ശ്യാംജിത്ത്
9A

5

## അവന്റെ ചോറ്റുപാത്രം

ഒരു ദിവസം ഒരു കുട്ടി സാധാരണ പോലെ സ്ക്കൂളിലേക്ക് പോവുകയായിരുന്നു . ആ കുട്ടിയുടെ പേര് അപ്പു എന്നായിരുന്നു . ബുദ്ധിശാലിയായ ആ കുട്ടിയുടേത് പാവപ്പെട്ട കുടുംബമയിരുന്നു . അപ്പു ആറാം ക്ലാസിലായിരുന്നു പഠിച്ചിരുന്നത് . അവൻ നടന്നു നടന്ന് വഴിയരികിലെത്തി . അപ്പോഴാണ് എന്തോ മറന്നതുപോലെ അപ്പുവിന് തോന്നി . അയ്യോ എന്റെ ചോറ്റുപാത്രം എടുക്കാൻ മറന്നു. അങ്ങനെ അപ്പു തിരികെ വീട്ടിലേക്ക് പോയി ചോറ്റുപാത്രവുമെടുത്തിട്ട് നടക്കാൻ തുടങ്ങി . അവൻ നടന്ന് നടന്ന് സ്ക്കൂളിനരികെ എത്തിയപ്പോൾ സ്ക്കൂളിൽ മണി മുഴങ്ങുന്നത് അവന്റെ ശ്രദ്ധയിൽപെട്ടു.അങ്ങനെ അവൻ ഓടുമ്പോഴാണ് മരച്ചോട്ടിൽ ഒരു വൃദ്ധാൻ വിശന്നു കിടക്കുന്നത് അവന്റെ ശ്രദ്ധയിൽ പെട്ടു . ആ വൃദ്ധാൻ അവനോട് ചോദിച്ചു : ഭക്ഷണം എന്തെങ്കിലും ഉണ്ടോ എന്ന്. അവ അവൻ ഒന്നും നോക്കാതെ അവന്റെ ചോറ്റുപാത്രം ആ വൃദ്ധാന് നൽകി. ആ ചോറ്റുപാത്രത്തിൽ അവനിഷ്ട്ടപ്പെട്ട ചോറും ,സാമ്പാറും, പച്ചടിയുമാണ് ഉണ്ടായത്. പക്ഷെ ആ വൃദ്ധാൻ അത് ആർത്തിയോടെ കഴിക്കാൻ തുടങ്ങി. അതുകണ്ട് അപ്പുവിന്റെ മനസ്സ് അലിഞ്ഞു . വൃദ്ധാൻ പറഞ്ഞു :വളരെ നന്ദി . നിന്നെ ദൈവം അനുഗ്രഹിക്കട്ടെ എന്നു പറഞ്ഞുകൊണ്ട് അവന്റെ ചോറ്റുപാത്രം അവന് നൽകി. അവൻ അതുകൊണ്ട് ക്ലാസിലേക്ക് ഓടി . അവൻ വൈകി പോയിരുന്നു .

ടീച്ചർ അവനോട് ചോദിച്ചു: എന്താ നീ വൈകിയത്? അവന് ഉത്തരം പറയാൻ കഴിഞ്ഞില്ല. ടീച്ചർ അവനെ ഒരുപാട് അടിച്ചു.അവൻ അതെല്ലാം സഹിച്ചു . ഉച്ചയായപ്പോഴേക്കും അവന് വിശക്കാൻ തുടങ്ങി . അപ്പോഴാണ് അവൻ ഓർത്തത് തന്റെ ചോറ്റുപാത്രം ആ വൃദ്ധാന് നൽകിയതാണല്ലോ. എല്ലാവരും ഉച്ചഭക്ഷണം കഴിക്കാൻ തുടങ്ങി . അവൻ പൈപ്പിലൂടെ വരുന്ന വെള്ളം കുടിച്ച് വിശപ്പടക്കി. എല്ലാവരും അവനെ പരിഹസിക്കാൻ തുടങ്ങി . അവൻ അതു വലിയ കാര്യമാക്കിയില്ല. സ്ക്കൂൾ വിട്ട ഉടനെ അവൻ വീട്ടിലേക്ക് നടക്കാൻ തുടങ്ങി . അവൻ വളരെ അവശനായിരുന്നു. അതുകൊണ്ട് തന്നെ നടക്കാൻ വളരെ പ്രയാസമുണ്ടായിരുന്നു.

അവൻ നേരത്തെ സഹായിച്ച
വൃദ്ധാൻ അവനെ കണ്ടു.
വൃദ്ധാന്റെ  കയ്യിലുണ്ടായ വെള്ളം
അവന് കൊടുത്തു . അവൻ
വൃദ്ധാനോട്

നന്ദി പറഞ്ഞു കൊണ്ട്
വീട്ടിലേക്ക് മടങ്ങി. വീട്ടിലേക്ക്
പോയ ഉടനെ  ഈ കഥയെല്ലാം
അപ്പു അവന്റെ അമ്മയോട്
പറഞ്ഞു. അമ്മ അവനെ
ചുംബിച്ചു. അവന് വിശപ്പിന്റെ
പ്രാധാന്യം
അറിയുന്നതുകൊണ്ടു
തന്നെയാണ് അവൻ
ചോറ്റുപാത്രം  വൃദ്ധാന്
കൊടുത്തത് എന്ന് അമ്മ
മനസ്സിലാക്കി.

ഹാദിയ ഫാത്തിമ
6

എന്റെ കേരളം

ഇന്ത്യാമഹാരാജ്യത്തിന്റെ തെക്കുപടിഞ്ഞാറ് അറ്റത്തായി സ്ഥിതി ചെയ്യുന്ന ഹരിതമനോഹരമായ ഈ കൊച്ചു സംസ്ഥാനം പ്രകൃതിരമണീയവും സുന്ദരവുമായ ഒരു ഭൂപ്രദേശമാണ്. അതിനാൽ സസ്യ ശ്യാമള കോമളമായ ഈ നാടിനെ "God's own country" അഥവാ ദൈവത്തിന്റെ സ്വന്തം നാട്' എന്നാ പേരിൽ അറിയപ്പെടുന്നു.

കേരളം എന്ന വാക്ക് സൂചിപ്പിക്കുന്നത് കേരളവൃക്ഷങ്ങളുടെ നാട് എന്നാണ് കേരവൃക്ഷങ്ങൾ നൃത്തമാടുന്ന കടൽതീരങ്ങൾ മനോഹരമായ കായൽ പരപ്പ് സസ്യശ്യാമളമായ മലയോരങ്ങൾ സുഗന്ധദ്രവ്യങ്ങൾ പരിമളം പരത്തുന്ന വനപ്രദേശങ്ങൾ കളകളാരവം പുറപ്പെടുവിക്കുന്ന അരവികളും നീർച്ചാലുകളും ഇവയെല്ലാം പക്ഷി സമൂഹങ്ങൾ കാടുകളെയും മലയോരങ്ങളെയും വന്യജീവികളും ! കണ്ണിനും കാതിനും മാത്രമല്ല. കുളിർമയേകുന്ന കാഴ്ച്കൾ നാടിനെ സുന്ദരമാക്കുന്നു. കേവലം പ്രകൃതി- ഭംഗി മാത്രല്ല ഈ കൊച്ചുനാടിന്റെ മഹാത്മ്യം വിളിച്ചോതുന്നത്

പുരാതന കാലം മുതൽ തന്നെ കായിക സാംസ്കാരിക മേഖല ളിൽ പുകൾ പറ്റിനിന്നിരുന്ന ഈ കൊച്ചുനാട് - കേരളതനിമ വിളിച്ചോതുന്ന കഥകളി, ഓട്ടൻതുള്ളൽ എന്നീ കാലാരൂപകൾ എന്നും വിദേശികളുടെ കെൾക്ക് കൗതുകമാണ്. കഥകളി, കൂടിയാട്ടം തുടങ്ങിയ കലാരൂപ UNESCO - യുടെ വരെ അംഗീകാരം സിദ്ധിച്ചിട്ടുള്ളതാണ്.

കേരളത്തിന്റെ മാത്രം പ്രത്യേകതകളായ വള്ളംകളി, കളരി- പയറ്റ് തുടങ്ങിയ വിനോദങ്ങൾ കേരളീയരുടെ മെയ്യ് വഴക്കം പുരാത നക്കാലം മുതൽ വിളിച്ചോതുന്നു. സാംസ്കാരികരംഗത്ത് വളരെ മേന്മയേറിയ ഒരു ചരിത്രമാണ് ഈ കൊച്ചുനാടിന് അവകാശപ്പെടാനുള്ളത്.

മിഷണറിമാരുടെ വരവോടെ വിദ്യാഭ്യാസം വളരെയധികം പരിപോഷിക്കപ്പെട്ടു. ഇന്ന് ഈ സംസ്ഥാനം സാക്ഷരതയുടെ കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുകയാണ്. പ്രശസ്ത എഴുത്തുക്കാരും കവികളും - ഈ നാടിന്റെ പ്രശസ്തിയും അന്തസ്സും ഉയരങ്ങളിൽ എത്തിച്ചു. പ്രശസ്ത പ്രാചീന കവികളായ ചെറുശ്ശേരി, കുഞ്ചൻ നമ്പ്യാർ, തുഞ്ചത്ത് എഴുത്തച്ഛൻ അതുപോലെ ആധുനിക കവിത്രയങ്ങളായ കുമാരനാൻ , ഉള്ളൂർ എസ് പരമേശ്വരയ്യർ, വള്ളത്തോൾ തുടങ്ങിയവർ എന്നും ഈ നാടിൻ്റെ അഭിമാനമാണ്. എൻ്റെ കേരളനാടിൻ്റെ സമ്പത്തിൽ ആകൃഷ്ടരായി പല രാജ്യങ്ങളിൽ നിന്നും വ വിദേശികൾ ഇവിടെ തമ്പടിച്ചു. വേലത്തമ്പി ദളവയും, പഴശ്ശിരാജയും, - കുഞ്ഞാലിക്കാർ സാമൂതിരി തുടങ്ങിയ വീരയോദ്ധാക്കളും ഈ നാടിന്റെ വീരഗാഥയിൽ തിളയ്ക്കുന്ന നക്ഷത്രങ്ങളാണ്.

കേരളം ഇന്ത്യയിലെ എറ്റവും വൃത്തിയുള്ള സംസ്ഥാനമാണ്. - ഈ സംസ്ഥാനത്തിൻ്റെ പ്രധാന തുറമുഖമാണ് കൊച്ചി . ഇത് അറബികടലിന്റെ "റാണി"- എന്നാണ് അറിയപെടുന്നത്. എല്ലാ വർഷവും എല്ലാം കേരളീയരും ആഘോഷിക്കുന്ന പരമ്പരാഗത ഉത്സവമാണ് ഓണം . മഹാബലിരാജാവ് ഈ ദിവസം എല്ലാവരുടെയും വീടുകൾ സന്ദർശിക്കുമെന്ന് വിശ്വസിക്കപ്പെടുന്നു. മഹാബലിയെ വരവേൽക്കാൻ - ആളുകൾ ഈ ദിവസം വീടുകൾക്ക് മുന്നിൽ പൂക്കോലങ്ങൾ ഇടുന്നു. കേരളത്തിൻ്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവരുടെ വിനോദസഞ്ചാ- രകേന്ദ്രമാണ് കേരളം . മ്യൂസിയം, സങ്കേതം, ക്ഷേത്രങ്ങൾ, കായൽ ബീച്ചുകൾ - എന്നിവണ് എറ്റവും പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങൾ. ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന കേരളം പ്രകൃതി രമണീയത നിറഞ്ഞു തുളുമ്പുന്ന പുണ്യ നാടാണ്.

"മണ്ണിനെ പൊന്നാക്കി മാറ്റിടുന്ന
മണ്ണിന്റെ മക്കൾ നിറഞ്ഞ നാട് !"

Shivanya prakash.m
9D



# വിദ്യാർത്ഥികളിൽ മാധ്യമങ്ങളുടെ സ്വാധീനം

സെൽഫോണും, കമ്പ്യൂട്ടറും, ലാപ്ടോപ്പും ഒക്കെ കളിപ്പാട്ടം പോലെ കൈകാര്യം ചെയ്യുന്ന നവ തലമുറ പുസ്തകങ്ങളുടെ ലോകത്തിൽ നിന്ന് അകന്നു പോകുന്നു. നല്ല പുസ്തകങ്ങളിലൂടെ വിജ്ഞാനം ആർജിക്കേണ്ട അവർ  മറിച്ച് ഇത്തരം ആധുനിക സംവിധാനങ്ങളിൽ നിന്ന് അറിവ് നേടുന്നു. ഇതിൽനിന്ന് അവർ അറിവ് നേടുന്നു എന്ന് പൂർണമായി പറയാൻ സാധ്യമല്ല.ഇന്നത്തെ ലോകത്ത് മുതിർന്നവരെ പോലെ തന്നെ വിദ്യാർത്ഥികളും സമൂഹമാധ്യമങ്ങളിൽ പങ്കാളിയാകുന്നുണ്ട്. വിദ്യാർത്ഥികൾ ഇവയുടെ ചതിക്കുഴികളിൽ അറിയാതെ വീണു പോകുന്നു.നമ്മുടെ വിദ്യാർത്ഥികളെ ചതിക്കുഴിയിൽ കൊണ്ടെത്തിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്നത് മൊബൈൽ ഫോൺ, മുന്നിലാണ് എന്നത് വളരെ ഞെട്ടിക്കുന്ന ഒന്നാണ്. ആകർഷിക്കുന്നത് എന്തും സ്വന്തമാക്കാനുള്ള മോഹം ഉള്ളിൽ വളരുന്ന കൗമാരപ്രായക്കാരെ ഇതിന്റെ ഉപയോഗം വഴിതെറ്റിക്കുന്നു.

വിജ്ഞാനത്തിന്റെ വാതായനം തുറന്നു തരുന്ന പുതിയ സാങ്കേതികവിദ്യയാണ് ഇന്റർനെറ്റ്. വിദ്യാർത്ഥികളുടെ പരീക്ഷഫലം അറിയുന്നതിനും, അന്വേഷണം, മുതിർന്നവർക്ക് ബാങ്കിങ്ങിനും, ബിസിനസിനുമായി ഒക്കെ ഇന്റർനെറ്റിനെ ആശ്രയിക്കുന്നു. ഏതു വിഷയത്തെക്കുറിച്ചും പൂർണ്ണമായും വിശാലവുമായും തിരഞ്ഞു തരുന്ന ഗൂഗിളും, വിക്കിപീഡിയയും ഒക്കെ വിദ്യാർത്ഥികൾക്ക് വളരെ പരിചിതമാണ്. വിജ്ഞാന സമ്പാദനത്തിനു വേണ്ടി കുട്ടികൾക്ക് അങ്ങേയറ്റം ഉപകാരപ്പെടുന്നതാണ് ഇന്റർനെറ്റ്.

ഇമെയിലും ചാറ്റിങ്ങും ഒക്കെ ഇന്ന് കൊച്ചു കുട്ടികളിലും കണ്ടുവരുന്നു. സമൂഹമാധ്യമങ്ങളിൽ അംഗമില്ലാത്തവർ ഇന്ന് സ്കൂൾ വിദ്യാർത്ഥികളിൽ  കൈവരിൽ എണ്ണാവുന്നവർ ന്നവർ മാത്രമാണ്. മാധ്യമങ്ങളിലൂടെ മാത്രം ആശയവിനിമയം നടത്തുന്നവർക്ക്, മുഖാമുഖം ആശയവിനിമയതിനു സാധിക്കാൻ കഴിയാതെ വരുന്നു. ഇങ്ങനെയുള്ള ബന്ധങ്ങൾ തെറ്റായ സൗഹൃദങ്ങളിലേക്ക് നയിക്കുന്നു. ചിത്രങ്ങൾ മോർഫ്,കൊല ,കൊള്ള തെറ്റായ സൗഹൃദം ബന്ധങ്ങൾ ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ സൃഷ്ടിക്കുന്നു.സൈബർ കുറ്റകൃത്യവും, അവിശുദ്ധമായ പ്രവർത്തനങ്ങളും അനുദിനം വർദ്ധിച്ചുവരുന്നു. ഇന്നത്തെ ഈ സാഹചര്യത്തിൽ വിദ്യാർത്ഥികൾ ഇന്റർനെറ്റ് ഉപയോഗിക്കുമ്പോൾ മുതിർന്നവരുടെയോ, മാതാപിതാക്കളുടെയോ സാന്നിധ്യത്തിൽ മാത്രം ഉപയോഗിക്കണം. നൂതന മാധ്യമങ്ങൾ സൃഷ്ടിക്കുന്ന ചലനങ്ങൾ  വളരെ ഭയാനകമായതാണ്. അതിനെ കാര്യക്ഷമതയോടെ എടുത്ത് വിദ്യാർത്ഥികളെ തിരുത്തേണ്ടതാണ്. ഇത്തരം പ്രവർത്തികൾ അവരുടെ നല്ലതിനു വേണ്ടിയാണെന്നും അവർക്ക് മനസ്സിലാക്കി കൊടുക്കണം.

എല്ലാം നല്ലതുതന്നെ നമ്മക്കായി ഉപയോഗിച്ചാൽ മാത്രം. ശരിയായ രീതിയിൽ ഉപയോഗിച്ച വിദ്യാർത്ഥികൾ നൂതന മാധ്യമങ്ങളിലൂടെയും, സാങ്കേതികവിദ്യയിലൂടെയും അവർക്ക് ഉന്നതിയിൽ എത്താൻ സാധിക്കും. നവതലമുറ അതിനു കഴിവുറ്റവരായി മാറട്ടെ....

amithya 9c



ജീവിതമാകട്ടെ ലഹരി

ഇന്ന് ലോകം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിൽ ഒന്നാണ് സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ലഹരിയുടെ ഉപയോഗം. വ്യത്യസ്ത രൂപങ്ങളിലും ഭാവങ്ങളിലുമായി ലോകമെമ്പാടും ലഹരി ഉണ്ടാക്കുന്ന അപകടങ്ങൾ വളരെ വലുതാണ്. ലഹരി മരുന്നുകൾക്ക് അടിമപ്പെടുന്നത് കൂടുതലും കുട്ടികളാണ് . ആൺ പെൺ ഭേദമന്യേ കുട്ടികളിലും യുവജനങ്ങളിലും ലഹരി പല രൂപത്തിൽ പിടിമുറുക്കിയിരുന്നു. ലഹരിയെക്കുറിച്ചും അതുണ്ടാക്കുന്ന അപകടങ്ങളെക്കുറിച്ചും വേണ്ടത്ര അറിവില്ലാത്തതാണ് ഇതിനു കാരണം . പണ്ടുകാലങ്ങളിൽ യുവാക്കൾ മാത്രമായിരുന്നു ലഹരി ഉപയോഗിച്ചിരുന്നത് . എന്നാൽ ഇന്ന് ചെറിയ കുട്ടികൾ പോലും ഇതിന് അടിമപ്പെട്ടിരിക്കുന്ന തായ് നമ്മുക്ക് കാണാൻ സാധിക്കും.

വിദ്യാലയങ്ങൾ ഇന്ന് ലഹരിയുടെ വലിയ വിപണന കേന്ദ്രങ്ങളായി മാറി കൊണ്ടിരിക്കുന്നു. മദ്യ-മയക്കമരുന്ന് മാഫിയ സംഘങ്ങൾ നമ്മുടെ സമൂഹത്തിൽ നാശത്തിന്റെ വിത്ത് വിതച്ച് ലാഭം കൊയ്യുന്നു.
സ്കൂളുകളെയും കോളേജുകളെയും ലക്ഷ്യം വച്ച് ഒരു ലഹരിമാഫിയ തന്നെ ഇന്ന് പ്രവർത്തിക്കുന്നു. മിഠായിയുടെയും കേക്കിന്റെയും, എന്നു വേണ്ട ഏത് രൂപത്തിലും ഇത് ലഭിക്കുന്നു.ആദ്യം ഉപയോഗിച്ചാൽ പൂർണ്ണമായും ഇതിനടിമപ്പെടുത്തുന്ന പ്രവണതയും ഇന്ന് കണ്ടുവരുന്നു.ഇന്ന് നമ്മുടെ സമൂഹത്തിൽ റിപ്പോർട്ട് ചെയ്യുന്ന കുട്ടികളും യുവാക്കളും പ്രതികളായ കേസുകളിൽ മിക്കവയിലും ലഹരിയുടെ സാന്നിധ്യം നമുക്ക് കാണാം.
കൊലപാതകങ്ങളും, ആക്രമങ്ങളും സമൂഹത്തിൽ വർദ്ധിച്ച് വരുന്നതിന്റെ പ്രധാന കാരണം അമിതമായ ലഹരിയുടെ ഉപയോഗമാണ്.
എന്തുകൊണ്ടാണ് നമ്മുടെ കുട്ടികൾ, യുവജനത ഇത്ത രത്തിൽ ലഹരിയുടെ നീരാളിപ്പിടുത്തത്തിൽ അകപ്പെട്ടു പോകുന്നത്.അമിതമായ ഉത്കണ്ഠ, അപ കർഷതാബോധം , ഒറ്റപ്പെടൽ തുടങ്ങി നിരവധി കാരണങ്ങൾ നമുക്ക് ചൂണ്ടിക്കാട്ടാമെങ്കിലും എന്റെ അഭിപ്രായത്തിൽ അടിസ്ഥാന കാരണം ശിഥിലമാകുന്ന കുടുംബ ബന്ധങ്ങളാണ്.കുട്ടികൾക്ക് മനസ് തുറന്ന് സംസാരിക്കുവാൻ പല വീടുകളിലും അവസരം ലഭിക്കുന്നില്ല. അവരുടെ അഭി പ്രായങ്ങൾക്ക് വില കൽപ്പിക്കപ്പെടുന്നില്ല. കുടുംബാംഗങ്ങൾ ഓരോ തുരുത്തുകളാ യി സാമൂഹിക മാധ്യമങ്ങളിൽ ഏർപ്പെടുന്നു . കുട്ടികൾ ലഹരിയുടെ വഴിയെ തേടി നടക്കുന്നു.ലഹരി വിമുക്ത സമൂഹം എന്ന ലക്ഷ്യം നാം കൈവരിക്കണ മെങ്കിൽ അതിന്റെ ആദ്യപാഠം കുടുംബങ്ങളിൽ നിന്ന് തുടങ്ങണം.വിലപിടിപ്പുള്ള മൊബൈൽ ഫോണുകളും ടാബ് ലെറ്റുകളും വാങ്ങി കുട്ടികൾക്ക് നൽകുന്ന തിന് പകരം ഒരിക്കലും പകരം വെക്കാനാകാത്ത സ്നേഹം നമുക്ക് അവർക്ക് നൽകാം.അവരെ ചേർത്ത് നിർത്താം, അവരുടെ വാക്കുകൾക്ക് കാതോർക്കാം. സുദൃഢമാകുന്ന കുടുംബ ബന്ധങ്ങൾ ലഹരി ക്കെതിരെയുള്ള പോരാട്ടത്തിന് ശക്തി പകരും.കേരളത്തിലെ വിദ്യാർത്ഥികളുടെയും, യുവതലമുറയും, പൊതുജനങ്ങളെയും ലഹരിയുടെ ദൂഷ്യം മനസ്സിലാക്കുന്നതിനു വേണ്ടി കേരള സർക്കാർ വിമുക്തിയുടെ പേരിൽ വിവിധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട് .പല പ്രതിഷേധങ്ങളും, സമരങ്ങളും ലഹരിക്കെതിരെ നടക്കുന്നുണ്ടെങ്കിലും ലഹരിയുടെ ഉപയോഗം ഇപ്പോഴും നമ്മുടെ സമൂഹത്തിൽ കൂടിക്കൊണ്ടിരിക്കുകയാണ്.

ലഹരിയുടെ ഉപയോഗം ശാരീരികവും മാനസികവുമായ വളർച്ചയെ ബാധിക്കുന്നു എന്ന് നമ്മൾ മനസ്സിലാക്കണം .ഭരണകൂടങ്ങളും ചില സംഘ ടനകളും നടത്തുന്ന പ്രവർത്തനങ്ങൾ കൊണ്ട് മാത്രം ലഹരി എന്ന സാമൂഹിക വിപത്തിനെ തുടച്ച് നീക്കാൻ ആവില്ല .നാം ഓരോരുത്തരം സമൂഹ നന്മ എന്ന ലക്ഷ്യം മുൻനിർത്തി ലഹരിക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കണം. അതിന് ആദ്യം ഞാൻ ഒരിക്കലും ലഹരി ഉപയോഗിക്കില്ല എന്ന ഉറച്ച തീരുമാനം കൈക്കൊള്ളണം. നമുക്ക് ലഹരിയോട് സാമൂഹിക അകലം പാലിക്കാം. നമ്മുടെ കുട്ടികളെ,യുവ ജനതയെ ലഹരി എന്ന ചതിക്കുഴിയിൽ നിന്ന് കൈപിടിച്ച് കയറ്റാം. അതിനാൽ ലഹരി ഉപയോഗത്തിനെതിരെ ആളുകളിൽ പ്രചാരണം നടത്തുക എന്നത് മാത്രമല്ല, ഓരോരുത്തരും ലഹരി ഉപയോഗിക്കില്ല എന്ന ഉറച്ച തീരുമാനം കൂടി എടുക്കണം. കൂട്ടായ പ്രയത്നവും ഇതിന് ആവശ്യമാണ്. അവർ ജീവിതമെന്ന ലഹരി മതിയാവോളം നുകരട്ടെ ... ഒരു ലഹരി വിമുക്ത ലോകത്തിനായി നമുക്കേവർക്കും ഉണർന്ന് പ്രവർത്തിക്കാം.

'' പ്രകൃതിയോടടുക്കാം
ലഹരിയോടകലാം''

' SAY NO TO DRUGS '

Avanthika Babu
9A



# തിരികെ വരുമോ...?

എൻ മനദാരിൽ എന്നുമെൻ ബാല്യകാലം
അതിൽ ഓർമകൾ തങ്ങുമെൻ ഭാവികാലം

മഴ പെയ്തു തോരുന്ന നേരമെന്നും
കടലാസ് തോണിയായി പോകുമെന്നും

മാവിന്നടിയിലെ പോന്നോർമകൾ
മുത്തശ്ശിക്കഥയായി എന്നോർമ്മയിൽ

ദൈവത്തിൻ വരാമായി ചോദിക്കുകിൽ
തിരിതെ വരുമോയേൻ ബാല്യകാലം........

RIDHA 9-C



# അമ്പിളി മാമൻ

അമ്മേ ഞാനൊന്നു പോയി വരാം
മാനത്തേക്ക്  പോയി വരാം
എന്താ ഉണ്ണി മാനത്തേക്ക്
അമ്പിളി മാമനേ കാണാനോ ......
അമ്പിളി മാമനേ നോക്കാനല്ല
മാനത്തോളം പറക്കാനല്ല
നക്ഷത്രം  ഉദിക്കുന്നുണ്ട്
ഇതളുപോലെ ഉദിക്കുന്നുണ്ട്
ടോർച്ച് പോലെ കത്തുന്നുണ്ട്
എന്നെ നോക്കിയിരിപ്പുണ്ട്
പോകാം  മഴയിൽ  നനയാം
നക്ഷത്രത്തെ കൂട്ടാം  കാറ്റിലൂടെ
സഞ്ചരിക്കാം കാറ്റകന്നാൽ
ഒപ്പം കൈകോർക്കാം അമ്മേ
ഞാനൊന്നു പോയി വരാം
മാനത്തേക്ക് പോയി വരാം ..

അൻവിത . കെ
7B

## ജൂണിലെ മഴ

ഓർക്കുന്നു ഞാനെന്റെ ബാല്യക്കാലം ...
ചേമ്പില ചൂടി പള്ളിക്കൂടത്തിലേക്കും
സ്ലേറ്റ് ചൂടി വീട്ടിലേക്കും ഓടിയ
കുട്ടിക്കാലം ഓർമ്മയാകുന്നു......

ഇടിയോടൊപ്പം പെയ്യുന്ന മഴയിൽ
മുറ്റത്തിറങ്ങി തിമിർത്തക്കാലം
വഴക്കിട്ടമ്മയോട് പിണങ്ങിയ നേരം
ഉള്ളിനുള്ളിൽ കൊഞ്ചിചിരിച്ചു ഞാൻ ....

ഇനി വരുമോ
ആ ആനന്ദമഴ
ഓർക്കുന്നു ഞാനെന്റെ ബാല്യക്കാലം .....

അനന്യ അനിൽ . ടി
9A



മഹാത്മഗാന്ധി

ഇന്ത്യയുടെ രാഷ്ട്രപിതാവായ മഹാത്മഗാന്ധി ഗുജറാത്തിലെ പോർബന്തറിൽ  ഒക്ടോബർ 2 ന് ജനിച്ചു .മാതാവ് പുത്തലിഭായി പിതാവ് കരംചന്ദ് ഗാന്ധി . പൂർണ്ണനാമം മോഹൻദാസ് കരംചന്ദ് ഗാന്ധി .  സ്വതന്ത്ര്യസമര നായകനായ ഗാന്ധിജി ഇന്ത്യൻ ജനതയെ മുഴുവൻ നയിച്ച് സ്വാന്ത്ര്യത്തിലേക്ക് എത്തിച്ചു.

സമരത്തിലൂടെ  കൂറ്റൻ ആയുധശക്തിയോട് ഏറ്റുമുട്ടി ഇന്ത്യക്ക് സ്വാതന്ത്ര്യം നേടി തന്നു .വിദേശാധിപത്യത്തിനെതിരെ   ഇന്ത്യൻ ജനത നടത്തിയ ഐതികാസികമായ സമരങ്ങളുടെ നേതൃത്വം ഗാന്ധിജിക്കായിരുന്നു.അഹിംസാത്മകമായ സമരമാർഗ്ഗം ഗാന്ധി തന്റെ  പ്രവർത്തികളിലൂടെ  പ്രയോഗവൽക്കരിച്ചു . 1928ൽ ബർദോളി സത്യാഗ്രഹം നയിച്ചു . 1930ൽ  ദണ്ഡി മാർച്ച് നടത്തി . 1942 ൽ ക്വിറ്റ് ഇന്ത്യാ സമരം നടത്തി .  തന്റെ എല്ലാ ദർശനങ്ങളിലും ഗാന്ധിജി പരമപ്രധാനമായികണ്ടത് സത്യത്തെയാണ് .സത്യം ദൈവമാണെന്നും ദൈവമാണ് സത്യമെന്നും വ്യക്തമാക്കി .സത്യത്തിന്റെ പ്രായോഗിക രൂപമായാണ് ഗാന്ധിജി അഹിംസയെ വിവരിക്കുന്നത്. എല്ലാ  മതങ്ങളിലെയും നന്മകളെ സ്വാംശീകരിക്കാനും പ്രാവർത്തികമാക്കാനും ഗാന്ധിജിക്ക് കഴിഞ്ഞു .  ഇന്ത്യൻ ജനതയെ മുഴുവൻ  ഒരു കുട കീഴിൽ  , ഒരു ലക്ഷ്യത്തിന് വേണ്ടി  അണിനിരത്താൻ ഗാന്ധിജിക്ക് കഴിഞ്ഞു .

1948 ജനുവരി  30  വെള്ളിയാഴ്ച്ച നാഥൂറാം വിനായക് ഗോഡ്സെ എന്ന ഒരു മത ഭ്രാന്തന്റെ തോക്കിനിരയായി .

Abhiram pv

9A





# ലഹരിയെ അതിജീവിച്ച കൗമാരം

അകത്ത് നിന്ന് വെളിച്ചം പുറത്തേക്കു തെളിഞ്ഞുവരുന്നു . കൂടാതെ ശബ്ദകോലാഹലങ്ങൾ വേറെയും.അനിയത്തിക്കുട്ടി ആ വാതിൽ പതുക്കെ തുറന്നു. മുറി നിറയെ പുകയും , ദുർഗന്ധവും പരന്നു. കൂട്ടുകാരെയും കൂട്ടി അവൻ പുറത്തേക്കിറങ്ങിപ്പോയി . വളരെ വൈകിയാണ് അന്ന് അവൻ വീട്ടിലെത്തിയത് . പതിവ് പോലെയല്ല അവന്റെ ആ വരവ് . എന്തോ ഒരു മാറ്റം അവനിൽ അലയടിച്ചു . അവന് അവനെ തന്നെ നിയന്ത്രിക്കാനാവാത്ത ആനിൽപ്പ്.

ചുവന്ന കണ്ണുകൾ, ആരെയും പേടിപ്പെടുത്തുന്ന ആ തീവ്രമായ നോട്ടം , നീട്ടിവളർത്തിയ താടിയും മീശയും . ഒരു തീവ്രവാദിയെപ്പോലെയുള്ള മനോഭാവം . ആരോടും മിണ്ടാതെ മുറിയിൽ കയറി കതകടച്ചു .

പിറ്റേ ദിവസം അവൻവളരെ വൈകിയാണ് കോളേജിലെത്തിയത് . ക്ലാസ്സ് എടുക്കുന്നസമയത്ത് അവനറിയാതെ ഒന്ന് മയങ്ങിപോയി . ചുറ്റും നടന്നതൊന്നും അവനറിയുന്നില്ല . അവൻ മനസ്സിന്റെ ഏതോ ഒരു വിദൂരതയിൽ സഞ്ചരിക്കുകയായിരുന്നു. ആ മനസ്സ് നിറയെ ഒരേയൊരു ചിന്ത .ലഹരിയെന്ന മായാലോകം അവനെ കൂടുതൽ സന്തോഷവനാക്കി .ആ പദാർത്ഥത്തെ തേടി അവൻ നടന്നു. അയാളുടെ വരവിനായി കാത്തുനിന്നു. ഒടുവിൽ അയാൾ കൈയ്യിൽ ഒരു പൊതിയുമായി വന്നു.ആ പൊതി കൈവശമാക്കി അവൻ

തന്റെ കൈവശമുള്ള പണം അയാൾക്ക് കൈമാറി . അവന് അയാൾ ആരാണെന്ന പോലും അറിയില്ല. എവിടെയോ കണ്ട പരിചയം മാത്രം. ആ പദാർത്ഥം അവനിൽ ഉണ്ടാക്കുന്ന സന്തോഷമാണ് അവന് അയാളോടുള്ള വിശ്വാസം . ഈ കണ്ടുമുട്ടലും , കൈമാറ്റവും ആരും അറിഞ്ഞിരുന്നില്ല .അവൻ പോലും അറിയാതെ അവൻ ലഹരിമാഫിയയുടെ കൈവലയങ്ങളിൽ അകപെട്ടിരിക്കുന്നു.ലഹരി ഉപയോഗിക്കാത്ത ഒരു ദിവസം പോലും അവന്റെ ജീവിതത്തിൽ ഉണ്ടായിരുന്നില്ല. വീട്ടിൽ എന്നും വഴക്കാണ്,ആരോടും അധികം അടുപ്പമില്ല .ലഹരിയിൽ അലിഞ്ഞുചേർന്ന കൗമാരത്തിന്റെ തീവ്ര വൈകാരിക ഭാവങ്ങളാണ് അവനിലുണ്ടായത് .

മാസങ്ങൾ കഴിഞ്ഞു. അമ്മയുടെ ഫോണിലേക്ക് ഒരു കോൾ വന്നു .ആ അമ്മ മകനിൽ നിന്ന് പ്രതീക്ഷിക്കാത്ത വാർത്തയായിരുന്നു അത് . മയക്കുമരുന്നുകേസിലെ പ്രതിയായി മകൻ പോലീസ് കസ്റ്റഡിയിൽ ആണെന്നുള്ള ആ വിവരം കേട്ട അമ്മ തകർന്നുപോയി . എത്രയെത്ര സ്വപ്നങ്ങളാണ് അമ്മ മകനിൽ കണ്ടുവെച്ചത് . ഒരൊറ്റ നിമിഷം കൊണ്ട് അവനതെല്ലാം തകർത്തു. ഈ വിവരം നാടെങ്ങും പരന്നു. ബന്ധുക്കളും , നാട്ടുകാരും ചേർന്ന് അവനെ മോചിപ്പിച്ചു. എല്ലാവരും അവനെ ഒറ്റപ്പെടുത്താൻ തുടങ്ങി . അത് അവനിൽ കടുത്ത മാനസികവിഷമം ഉണ്ടാക്കി. ഇനി അവന്റെ ജീവിത്തിൽ ലഹരിയില്ലെന്ന് അവൻ തീരുമാനിച്ചു .

ദിവസങ്ങൾ ഓരോന്നായി കടന്നുപോയി. ലഹരിയെ അവന് മറക്കാൻ സാധിച്ചില്ല. ലഹരിയുടെ വഴികളെ തേടി അവൻ നടന്നു . അത്

**കിട്ടാതെവന്നപ്പോൾ അവൻ ഒരു ഭ്രാന്തനെപോലെ**

അലഞ്ഞു. സ്വബോധം നഷ്ട്ടപ്പെട്ട് താൻ ചെയ്യുന്നതൊന്നും അവനറിഞ്ഞില്ല. മാതാപിതാക്കളെ ഉപദ്രവിക്കാൻ അവൻ ശ്രമിച്ചു. അവർക്ക് ഇത് താങ്ങാവുന്നതിലും അപ്പുറമായിരുന്നു. അതികഠിനമായ പ്രയത്നത്തിലൂടെയും , ബോധവൽക്കരണത്തിലൂടെയും അവനെ നേർവഴിക്ക് കൊണ്ടുവരാൻ സമൂഹത്തിന് സാധിച്ചു. ലഹരിയെ സ്വപ്നം കാണാതെ , ഒരു നല്ല പൗരനായ് സമൂഹത്തിൽ അവൻ ജീവിച്ചു ..

വർഷങ്ങൾ പിന്നെയും കടന്നുപോയി... അയാൾ ഇപ്പോൾ മികച്ച ഒരു പോലീസ് ഉദ്യോഗസ്ഥനാണ്. തന്നെ കൊണ്ട് ഒന്നും നേടാൻ കഴിയില്ലെന്ന് വിധി എഴുതിയ പൊതുസമൂഹത്തിനുമുന്നിൽ ഇന്നയാൾ അവർക്ക് കാവലാകുന്ന ദൈവദൂതനാണ് . തന്റെ ജീവിതത്തിൽ ദൈവമായി കടന്നുവന്ന് ലഹരിയുടെ കൈവലയങ്ങളിൽ നിന്ന് തന്നെ പിടിച്ചെഴുന്നേൽപ്പിച്ച ആ പോലീസ് ഉദ്യോഗസ്ഥനെ മനസ്സിൽ ഓർത്തുകൊണ്ട് അയാൾ മന്ത്രിച്ചു.

## ' ജീവിതമാണെന്റെ ലഹരി '

**അവന്തിക ബാബു**

**9A**

# മഞ്ഞക്കിളി

കുഞ്ഞിക്കിളിയേ..... കുഞ്ഞിക്കിളിയേ....
പാട്ടുപാടി നടക്കും കിളിയെ ....
ആട്ടമാടിനടക്കും കിളിയേ....
മഞ്ഞക്കുപ്പായവും ധരിച്ച്
പറന്നു പോകുന്ന
നിന്നെ കാണാൻ എന്തൊരു ഭംഗി
നിന്നെ കാണാൻ എന്തൊരു ഭംഗി ....
മഞ്ഞക്കിളിയേ ... മഞ്ഞകിളിയേ ...
ഉമ്മ വെയ്ക്കാൻ തോന്നും നിന്നെ
എന്തു രസമെന്നോ നിന്നെ കാണാൻ .
മഞ്ഞകിളിയേ .... മഞ്ഞകിളിയേ ...
എന്നോടൊപ്പം പോരാമോ നീ ....
എന്നോടൊപ്പം പോരാമോ ?....

മറിയം സിയ
നാലാം തരം


# മാതൃഭാഷ

ഫെബ്രുവരി 21 ലോക മാതൃഭാഷ ദിനം . ലോക ജനത അവരവരുടെ മാതൃഭാഷയ്ക്കായി നീക്കിവെച്ചിരിക്കുന്ന ദിനം . ശ്രേഷ്ഠ ഭാഷാ പദവി ലഭിച്ച ഭാഷയാണ് മലയാളം .സംസ്കാരത്തിന്റെ തായ് വേരോടുന്ന മണ്ണാണ് ഭാഷ .ഇന്ന് ഇന്ത്യയിലെ ഇരുപത്തിരണ്ട് ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് മലയാളം. ലോകത്ത് മൂന്നര കോടിയിലധികം ആളുകൾ മലയാളം സംസാരിക്കുന്നുണ്ട്.

മലയാളഭാഷാ നവോത്ഥാനത്തിനു തുടക്കമിട്ടത് ഭാഷാ പിതാവായ എഴുത്തച്ഛനായിരുന്നു. ഓരോ മലയാളിക്കും പെറ്റമ്മായാണ് മലയാളം . കേരളത്തിൽ ഇന്ന് ആളുകൾ മലയാള ഭാഷാ മറന്ന് മറ്റ് ഭാഷകളെ സ്നേഹിക്കുന്നു . പല ഭാഷകളും ,പല സംസ്കാരവും ഇന്ന് നമ്മുടെ സംസ്ഥാനത്തുണ്ട് . ഇവയൊരിക്കലും നമ്മുടെ മലയാള ഭാഷയ്ക്ക് പകരമാവില്ല . സ്വന്തം മാതൃഭാഷയെ ചേർത്ത് അളവറ്റ സ്നേഹവും , ബഹുമാനവും നൽകണം. ഇത് നമ്മുടെ സംസ്കാരം വളർത്തുകയും ഭാഷയുടെ മഹത്വം വളർത്തുകയും ചെയ്യുന്നു.

ആശയ പ്രകടനത്തിനും ശാസ്ത്രീയ കാര്യം പ്രതിപാദിക്കാനുമുള്ള എല്ലാ ഗുണസവിശേഷതയുമുള്ള നാം എത്ര ഭാഷകൾ കൈവശമാക്കിയാലും മാത്രഭാഷയിലൂടെ മാത്രമേ
സ്വന്തം ഹൃദയവികാരം ശക്തമായും വ്യക്തമായും മറ്റുള്ളവരെ ധരിപ്പിക്കാൻ കഴിയൂ.........

മാധവ് ശിവൻ 9A



# Nature



Nature is God’s gift to all.Nature consist of natural things around us. Nature supports life,we live and make our homes on the natural earth’s surface. Without nature we cannot imagine life on earth.We need air to breath and water to drink.We get all these from nature.We even get our food from nature.Nature gives us fresh air,fruits and vegetables which helps people in having excellent health.If trees or plants weren’t there in our surroundings human beings wouldn’t exist either.

Nature has lets at offering and also helps people in getting rid of various diseases. In nature there are lot of other thing which help us in our day to day lives.These have become an essential part of a human being life. It is due to the beautiful nature.If they don’t get the ideal nature for their living , they wouldn’t be any special species of animals and birds left in the world.

Nature serves us in many ways.We should keep our natural surroundings safe.We should not pollute the natural environment.We can plant more trees, and avoid misuse of water,fuels etc.It is important that we do not abuse or exploit the nature in any form.Though the offerings of nature have led us all to live lavish life,we now must preserve everything in nature so that our next generation can have a life.Similar to ours in the future.

Mezna Zakariya
9-D






WELCOME
















## സബ്ജില്ലാ കലോത്സവനിമിഷങ്ങൾ-










# വിവിധക്ലബ്ബുകൾ

ലിറ്റിൽകൈറ്റ്
ജൂനിയർ റെഡ്ക്രോസ്





നന്ദി...